# ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 03/01/2017 ൽ ലൈഫ് മിഷന്റെ മുന്നോടിയായി കൂടിയ യോഗത്തിൻറെ മിനിട്സ്

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 03/01/2017 ന് മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ലൈഫ് മിഷന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ബഹു. മന്ത്രിമാർ, ചീഫ് സെക്രട്ടറി, ഗവ: സെക്രട്ടറിമാർ എന്നിവരുടെ യോഗം കൂടുകയുണ്ടായി. യോഗം രാവിലെ 11.00 മണിക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

യോഗത്തിൽ പങ്കെടുത്തവരെ ബഹു.മുഖ്യമന്ത്രി സ്വാഗതം ചെയ്തു. തുടർന്ന് ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി, വിഷയം അവതരിപ്പിച്ചു. അടുത്ത 5 വർഷംകൊണ്ട് ഭവനവും ഭൂമിയും വീടും ഇല്ലാത്ത എല്ലാവർക്കും ജീവിതസുരക്ഷിതത്ത്വം ഉറപ്പുവരുത്തുന്നതു വഴി കേരളത്തിന്റെ സാമൂഹിക/പശ്ചാത്തല മേഖലയിൽ കാര്യമായ മാറ്റം ഉണ്ടാകുമെന്നും ആമുഖമായി ബഹു. മന്ത്രി പറഞ്ഞു. തുടർന്ന് മിഷന്റെ സമീപനവും പ്രവർത്തന രീതിയും ബഹു.മന്ത്രി അവതരിപ്പിച്ചു. ഇതിനെതുടർന്ന് ഓരോ വിഷയത്തിലും വളരെ വിശദമായ ചർച്ച നടന്നു.

## 1. നിർവ്വഹണ നയം

പദ്ധതി നിർവ്വഹണത്തിനായി ഒരു നയം ആവശ്യമാണ് എന്ന് ബഹു.മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ഭവനരഹിർക്ക്, മാന്യവും സുരക്ഷിതത്വവും ഉള്ള ഭവനത്തോടൊപ്പം ജീവനോപാധി ഉറപ്പാക്കാൻ കഴിയുന്ന ഭവന സംവിധാനമായിരിക്കണം ലൈഫിൽ ഉണ്ടാക്കണ്ടേത് എന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. തുടർന്ന് വിശദ ചർചകൾക്കു ശേഷം താഴെപറയുന്ന തീരുമാനങ്ങൾ എടുത്തു.

***തീരുമാനം***

അടുത്ത 5 വർഷത്തിനുള്ളിൽ, എല്ലാവർക്കും ഭവനം നൽകുന്നതിനായി, യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി, താഴെപറയുന്ന ആനുകൂല്യങ്ങൾ നൽകുക.

- സ്ഥലമുള്ള എല്ലാവർക്കും. സാമ്പത്തിക സഹായം നൽകി ഗുണഭോക്താവ് നേരിട്ടോ, ഏജൻസി മുഖേനയോ നിർമ്മാണം നടത്തുക.
- ഭൂരഹിതർക്ക്, എല്ലാവിധ സാമൂഹിക/പശ്ചാത്തല സൗകര്യത്തോടും ജീവനോപാധിയോടും കൂടിയ ഭവന സമുച്ചയം/ക്ലസ്റ്ററുകൾ നിർമ്മിച്ചു നൽകുക.

## 2. പദ്ധതിയുടെ ഗുണഭോക്താക്കൾ

പദ്ധതിയുടെ ഗുണഭോക്താക്കളായി, ഭവന രഹിതരായ എല്ലാവരേയും കൊണ്ടു വരണമെന്നും, വാസയോഗ്യമായ ഭവനമില്ലാത്തവരെയും പരിഗണിക്കണമെന്നും, ബഹു. മുഖ്യമന്ത്രി അറിയിച്ചു. തുടർന്ന് വിശദമായ ചർച്ചകൾക്കു ശേഷം പദ്ധതിയുടെ ഗുണോക്താക്കളായി താഴെ സൂചിപ്പിക്കുന്ന 4 വിഭാഗം ഗുണഭോക്താക്കളെയും ഉൾക്കൊള്ളിക്കാൻ തീരുമാനിച്ചു.

- ഭൂമിയുള്ള ഭവന രഹിതർ

- ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ
- പുറമ്പോക്കിലോ, തീരദേശ മേഖലയിലോ; തോട്ടം മേഖലയിലോ താത്കാലിക ഭവനം ഉള്ളവർ.
- ഭൂരഹിത-ഭവന രഹിതർ

***തീരുമാനം***

a. മുകളിൽ സൂചിപ്പിച്ച 4 വിഭാഗം കുടുംബങ്ങളെയും ഗുണഭോക്താക്കളാക്കാൻ തീരുമാനിച്ചു.
b. ആദ്യഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നൽകുന്നതിന് പ്രാധാന്യം നൽകുന്നതിനും, ഇതിനോടൊപ്പം തന്നെ ഭൂമികണ്ടെത്തി, ഭൂരഹിതരായവരുടെ പ്രശ്നം സാദ്ധ്യമായ സ്ഥലങ്ങളിൽ കെട്ടിടസമുച്ചയങ്ങൾ തീർത്ത് സമയബന്ധിതമായി തീർക്കാൻ തീരുമാനിച്ചു.
c. ഗുണഭോക്താവിന്റെ യൂണിറ്റ് കുടുംബമായിരിക്കുന്നതാണ്. എന്നാൽ അഗതികളെ ഒരു യൂണിറ്റായി പരിഗണിക്കേണ്ടതാണ്.

## 3. ഗുണോക്താക്കളെ കണ്ടെത്തുന്ന നടപടിക്രമം

യഥാർത്ഥ ഗുണോക്താക്കളെ കണ്ടെത്തുക എന്നതാണ് മിഷന്റെ പ്രധാന വെല്ലുവിളി എന്ന് ബഹു. മുഖ്യമന്ത്രി ആമുഖമായി പറഞ്ഞു. എസ്.ഇ.സി.സിയുടെ വിവരങ്ങൾ ഗ്രാമവികസന വകുപ്പിൽ ലഭ്യമാണെന്നും ആയത് സൂചകമായി എടുത്ത് പരിശോധന നടത്തി, വിട്ടുപോയവരെ കൂട്ടിച്ചേർക്കാവുന്നതാണ് എന്നും, അത്തരത്തിൽ ലഭ്യമാകുന്ന പട്ടിക ക്രോഡീകരിച്ച്, പഞ്ചായത്ത് തലത്തിൽ അപ്പീലിനും, തുടർന്ന് ജില്ലാ തലത്തിൽ അപ്പീലിനും സൗകര്യമുണ്ടാക്കുന്നതാണ് ഉചിതം എന്നും ചീഫ് സെക്രട്ടറി പറഞ്ഞു. ആര് മുഖാന്തിരം പരിശോധന നടത്തണമെന്നതിനെ സംബന്ധിച്ച് വിശദമായ ചർച്ച നടന്നു. ഉദ്യോഗസ്ഥ സംവിധാനത്തെ ഉപയോഗിച്ചും കുടുംബശ്രീ സംവിധാനത്തെ ഉപയോഗിച്ചും പരിശോധന നടത്തുന്നതിനെ സംബന്ധിച്ച് വിശദമായ ചർച്ച നടന്നു. തുടർന്ന് താഴെപറയുന്ന തീരുമാനങ്ങളെടുത്തു.

***തീരുമാനം***

a. 2011-ൽ കേന്ദ്രസർക്കാർ നടത്തിയ സാമൂഹിക സാമ്പകത്തിക ജാതി സർവ്വേ അടിസ്ഥാനമാക്കുക.
b. ഈ സർവ്വേയിൽ ഭവനരഹിതർ എന്നു കണ്ടെത്തിയവരുടെ കാര്യത്തിൽ നേരിട്ടു സർവ്വേ നടത്തി ഗുണഭോക്താക്കളെ നിർണ്ണയിക്കുക.
c. സർവേയ്ക്കുള്ള ചുമതല കുടുംബശ്രീക്ക് ആയിരിക്കുന്നതാണ്. ആയത് കുടുംബശ്രീയുടെ സംഘടന സംവിധാനം ഉപയോഗിച്ച് നടത്തേണ്ടതാണ്
d. ആദിവാസി മേഖലയിൽ കുടുംബശ്രീ സംവിധാനം ശക്തമല്ല എങ്കിൽ പട്ടിക വർഗ്ഗ പ്രമോട്ടർമാരെ ഉപയോഗിക്കുന്നതാണ്.
e. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള എസ്.ഇ.സി.സി വിവരങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള ഭവനരഹിതരുടെ പട്ടിക, നഗരങ്ങളിൽ പി.എം.എ.വൈക്ക് തയ്യാറാക്കിയ പട്ടിക, എന്നിവ പരിശോധനക്കായി കുടുംബശ്രീക്ക് കൈമാറേണ്ടതാണ്. പരിശീലനം സിദ്ധിച്ച കുടുംബശ്രീ പ്രവർത്തകർ ഗുണഭോക്താക്കളെ നേരിൽ കണ്ട് യഥാർത്ഥവിവരങ്ങൾ രേഖപ്പെടുത്തേണ്ടതും

അത്തരത്തിൽ തയ്യാറാക്കുന്ന വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് കൈമാറേണ്ടതാണ്.

f. സർവേയുടെ മേൽപരിശോധനയ്ക്കായുള്ള ചുമതല ഫീൽഡ്തല ഉദ്യോഗസ്ഥർക്കായിരിക്കുന്നതാണ് (വി.ഇ.ഒ, ജെ.എച്ച്.ഐ തുടങ്ങിയവർ). ഇവർ, എല്ലാ സർവ്വേ വിവരങ്ങളും ക്രോസ് ചെക്ക് ചെയ്യേണ്ടതും അത്തരത്തിൽ പരിശോധിച്ച് അർഹതയില്ലാത്തവർ പട്ടികയിൽ വന്നിട്ടില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ് .
g. ഇത്തരത്തിൽ ലഭ്യമാകുന്ന സർവേ വിവരങ്ങൾ കമ്പ്യൂട്ടർ അധിസ്ഥിത വിവരശേഖരത്തിലേക്ക് വിന്യസിപ്പിക്കേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ പൊതുജനങ്ങൾക്ക് പ്രാപ്യമായിരിക്കുന്നതാണ്. ഇതിന്റെ ചുമതല കുടുംബശ്രീക്കും ഗ്രാമ വികസന കമ്മീഷണർക്കും ആയിരിക്കുന്നതാണ്.
h. സർവേ വിവരങ്ങൾ ആക്ഷേപം സ്വീകരിക്കുന്നതിനായി വെബ്സൈറ്റിലും പകർപ്പുകൾ പഞ്ചായത്ത്/വില്ലേജ് ഓഫീസ് തലത്തിലും പ്രസിദ്ധീകരിക്കേണ്ടതാണ്.
i. ആക്ഷേപം സ്വീകരിക്കുന്നതിന് പഞ്ചായത്ത്തലത്തിൽ സംവിധാനം ഉണ്ടായിരിക്കണം. ആക്ഷേപം ഫീൽഡ്തല ഉദ്യോഗസ്ഥർ നേരിട്ട് പരിശോധിച്ച് ആവശ്യമെങ്കിൽ നേരിട്ട് കേട്ട് തീർപ്പാക്കേണ്ടതാണ്.
j. വിട്ടുപോയവരെ ഉൾപ്പെടുത്തുന്നതിന് സൗകര്യമുണ്ടായിരിക്കണം.

പട്ടിക കുറ്റമറ്റതാക്കൽ

k. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന പട്ടിക ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുന്നതിന്റെ ചുമതല ജില്ലാ മിഷന് ആയിരിക്കുന്നതാണ്.
l. ഇത്തരത്തിൽ ആക്ഷേപങ്ങൾ കേട്ടശേഷം തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടിക പഞ്ചായത്ത്/ജില്ലാ തലത്തിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.
m. ഇതിൽ ആക്ഷേപം ഉള്ളവർക്ക് ജില്ലാതല സമിതിക്ക് ആക്ഷേപം നൽകാവുന്നതാണ്. ആർ.ഡി.ഒ/സബ് കളക്ടർ, അസി.കളക്ടർ എന്നിവർ ഇത് പരിശോധിച്ച് പട്ടിക അന്തിമമാക്കേണ്ടതാണ്. ($2^{nd}$ Appeal)
n. സർവേ നടപടികൾ ഫെബ്രുവരി 15-നു മുമ്പായി പൂർത്തീകരിച്ച് അന്നുതന്നെ ആദ്യ പട്ടിക പ്രസിദ്ധീകരിക്കേണ്ടതാണ്. അന്തിമ പട്ടിക മാർച്ച് 31-ന് മുമ്പായി പ്രസിദ്ധീകരിക്കേണ്ടതാണ്.
o. സർവേയുടെയും, ഡാറ്റാ എൻട്രിയുടെയും ചുമതല കുടുംബശ്രീക്കായിരിക്കുന്നതാണ്. ആക്ഷേപം കേൾക്കുന്നതിനും പട്ടിക അന്തിമമാക്കുന്നതിന്റെയും പൂർണ ചുമതല ജില്ലാമിഷനുകൾക്ക് ആയിരിക്കുന്നതാണ്.
p. ഓരോ ഘട്ടത്തിലും പുതുതായി കൂട്ടിചേർക്കുന്നവരുടെയും, ഒഴിവാക്കുന്നവരുടെയും പട്ടിക പ്രത്യേകമായി പ്രസിദ്ധീകരിക്കേണ്ടതാണ്. ഒഴിവാക്കുന്നതിന്റെയും കൂട്ടിച്ചേർക്കുന്നതിന്റെയും കാരണം രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

## 4. മുൻഗണനാക്രമം

എല്ലാവർക്കും ഭവനമെന്ന ലക്ഷ്യത്തോടെയാണ് മിഷൻ പ്രവർത്തിക്കുന്നത് എങ്കിലും ഏറ്റവും അർഹരായ ചിലർക്ക് മുൻഗണന നൽകുന്നത് ഉചിതമായിരിക്കുമെന്ന് ബഹു.

മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. 8 ഘടകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കരട് മുൻഗണന ക്രമം തയ്യാറാക്കിയിട്ടുള്ളതായി ചീഫ് സെക്രട്ടറി യോഗത്തെ അറിയിച്ചു. ആയത് താഴെ ചേർക്കുന്നു.

a. മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശരീരിക തളർച്ച സംഭവിച്ചവർ
b. അഗതികൾ
c. അംഗവൈകല്യമുള്ളവർ
d. ഭിന്നലിംഗക്കാർ
e. ഗുരുതര/മാരകരോഗമുള്ളവർ
f. അവിവാഹിതരായ അമ്മമാർ
g. രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
h. വിധവകൾ

അന്ധത/ശാരീരിക തളർച്ച എന്നിവർക്ക് പ്രാധാന്യം നൽകുന്നത് ഉചിതമാണെങ്കിലും മറ്റു വൈകല്യമുള്ളവർക്ക് കുറഞ്ഞത് 40% എങ്കിലും വൈകല്യം ഉണ്ടെങ്കിൽ മാത്രമേ പരിഗണിക്കാവൂ എന്ന് യോഗത്തിൽ അഭിപ്രായം ഉയർന്നു. ഇതിനായി വേണ്ട മെഡിക്കൽ പരിശോധന ഗുണഭോക്താക്കളുടെ ഉത്തരവാദിത്വം ആക്കി നിഷക്കകർഷിക്കരുതെന്നും ഇക്കാര്യത്തിൽ പ്രത്യേക പങ്ക് കൂടി കുടുംബശ്രീ ഏറ്റെടുക്കണമെന്നും അഭിപ്രായം ഉയർന്നു.

***തീരുമാനം.***

മുകളിൽ കൊടുത്തിരിക്കുന്ന മുൻഗണനാക്രമം അംഗീകരിച്ചു. സർവ്വേ ഫോമിൽ ടി വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കണമെന്നും, 40% ത്തിന് മുകളിൽ വൈകല്യം ഉള്ളവർക്ക് മാത്രം മുൻഗണന നൽകുന്നതിനും തീരുമാനിച്ചു.

## 5. പദ്ധതിയിൽ നിന്നും ഒഴിവാക്കേണ്ടവർ

പദ്ധതിയുടെ ഗുണഭോക്താക്കളായി വരുന്നവരിൽ നിന്നും നിർബന്ധമായും ഒഴിവാക്കേണ്ടവരുടെ മാനദണ്ഡങ്ങൾ യോഗം ചർച്ച ചെയ്തു. താഴെപറയുന്നവരെ ഒഴിവാക്കാൻ യോഗത്തിൽ ശുപാർശയുണ്ടായി.

a. സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ സ്ഥിര ജോലിയുള്ളവർ
b. ഈ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ ലഭിക്കുന്നവർ (നിശ്ചിത വാർഷിക വരുമാനത്തിൽ കൂടുതൽ ഉള്ളവർ)
c. ഗ്രാമ പഞ്ചായത്തുകളിൽ ഒരു ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവരും മുൻസിപ്പാലിറ്റികൾ 50 സെന്റിന് കൂടുതൽ ഭൂമിയുള്ളവരും കോർപ്പറേഷനുകളിൽ 25 സെന്റിന് കൂടുതൽ ഭൂമിയുള്ളവരും (എസ് റ്റിക്ക് ബാധകമല്ല)
d. 4 ചക്രവാഹനമുള്ളവർ എന്നിവരെ ഒഴിവാക്കണമെന്ന് അഭിപ്രായം ഉയർന്നെങ്കിലും ഒഴിവാക്കുന്നവരുടെ പട്ടിക ആദ്യ ഘട്ടത്തിൽ തീരുമാനിക്കേണ്ട വിഷയമല്ല എന്നും, സർവ്വേ നടത്തിയ ശേഷം ടി വിഷയത്തിൽ തീരുമാനമെടുക്കുന്നത് ഉചിതമായിരിക്കുമെന്നും അഭിപ്രായമുണ്ടായി.

***തീരുമാനം.***

ടി വിഷയത്തിൽ സർവ്വേനടത്തിയതിനുശേഷം തീരുമാനമെടുക്കാൻ മാറ്റിവച്ചു.

## 6. ഭവനത്തിൻറെ വലിപ്പം

ഭവനരഹിതർക്ക് നൽകുന്ന ഭവനം, മാന്യമായിരിക്കണമെന്ന്, ബഹു. മുഖ്യമന്ത്രി, ആമുഖമായി സൂചിപ്പിച്ചു. ഉപയോഗത്തിനനുസരിച്ച് ഓരോ മുറിക്കും, നിശ്ചിത വലിപ്പം വേണമെന്നും, അത്തരത്തിൽ ഒരു ഭവനത്തിന് 550 ചതുരശ്ര അടി വിസ്തീർണ്ണം ഉചിതമായിരിക്കുമെന്ന് ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി അറിയിച്ചു. തുടർന്ന് വിശദമായ ചർച്ചയ്ക്ക്ശേഷം, 600 ചതുരശ്ര അടിയിൽ കൂടേണ്ടതില്ലെന്ന് തീരുമാനിച്ചു. വെറും ഒരു മുറി മാത്രം വയ്ക്കുന്ന സ്ഥിതി ഒഴിവാക്കുന്നതിനു വേണ്ടി 350 ചതുരശ്ര അടി കുറഞ്ഞ വിസ്തീർണ്ണമായി നിജപ്പെടുത്താൻ തീരുമാനിച്ചു.

***തീരുമാനം***

- പദ്ധതിപ്രകാരം നിർമ്മിക്കുന്ന ഭവനത്തിന്റെ വലുപ്പം കുറഞ്ഞത് 350 ചതുരശ്ര അടിയായിരിക്കുന്നതാണ്. സർക്കാർ ഇടപെട്ടു നേരിട്ടു നിർമ്മിക്കുന്ന ഭവനങ്ങളുടെയും ഏറ്റവും കുറഞ്ഞ വലുപ്പം 350 ചതുരശ്ര അടിയായി നിഷ്കർഷിക്കുന്നു
- ഭവനത്തിന്റെ പരമാവധി വലിപ്പം 600 ചതുരശ്ര അടി വിസ്തീർണമായിരിക്കുന്നതാണ്.

## 7. ഭവന നിർമ്മാണത്തിന് നൽകുന്ന ധനസഹായം

പദ്ധതി പ്രകാരം ഭൂമിയുള്ള ഭവനരഹിതർക്ക് ഒരു ഭവനം നിർമിക്കുന്നതിന് എത്ര തുക വരെ പരമാവധി നൽകാൻ കഴിയുമെന്ന് വിശദമായി ചർച്ച ചെയ്തു. നിലവിൽ പല വകുപ്പുകളും വ്യത്യസ്തങ്ങളായ ധനസഹായമാണ് നൽകിവരുന്നത്. 2 ലക്ഷം രൂപ മുതൽ 6 ലക്ഷം രൂപ വരെ വിവിധ പദ്ധതികളിൽ ധനസഹായം നൽകിവരുന്നുണ്ട്. കമ്മിറ്റിക്ക് മുമ്പാകെ ശുപാർശ ചെയ്തിരിക്കുന്ന തുക താഴെ ചേർക്കുന്നു.

ജനറൽ - 3 ലക്ഷം രൂപ

പട്ടികജാതി - 3.5 ലക്ഷം രൂപ

പട്ടികവർഗം - യഥാർത്ഥത്തിൽ ചെലവാകുന്ന തുക, ജില്ലാമിഷൻ തീരുമാനിച്ച് ടി തുക നൽകേണ്ടതാണ്.

600 ചതുരശ്ര അടി വിസ്തീർണമുള്ള ഭവനം നിർമ്മിക്കാൻ കുറഞ്ഞത് 6 ലക്ഷം രൂപ വരെ ചെലവാകുമെന്ന് യോഗത്തിൽ അഭിപ്രായം ഉയർന്നു. ഈ തുക പൂർണ്ണമായും സർക്കാർ നല്കേണ്ടതില്ലെന്നും മിനിമം വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കാൻ ആവശ്യമായ തുകയായ 3 ലക്ഷം രൂപ ജനറൽ വിഭാഗത്തിന് നിജപ്പെടുത്താൻ തീരുമാനിച്ചു. പട്ടികജാതിക്കാർക്ക് ശുപാർശ ചെയ്ത തുക അപര്യാപ്തമാണെന്ന് ബഹു. പട്ടികജാതി ക്ഷേമ & സാംസ്കാരിക മന്ത്രി അഭിപ്രായപ്പെട്ടു. തുടർന്ന് വിശദമായ ചർച്ചയ്ക്കു ശേഷം പട്ടികജാതി വിഭാഗക്കാർക്ക് 4 ലക്ഷം രൂപയായി നിജപ്പെടുത്താൻ തീരുമാനിച്ചു.മത്സ്യബന്ധന മേഖലയിലുള്ളവർക്കും ഇതേ തുക നല്കുന്നതാണ്. തോട്ടം മേഖലയിൽ പണിയെടുക്കുന്നവർക്ക് വ്യത്യസ്ത സമീപനം ആവശ്യമാണ് എന്ന്

അഭിപ്രായം വന്നതിനെ തുടർന്ന്  തോട്ടം മേഖലയിലുള്ളവർക്ക് 4 ലക്ഷം രൂപ നൽകാൻ തീരുമാനിച്ചു.

***തീരുമാനം***

| | | |
|---|---|---|
| ജനറൽ വിഭാഗം | - | 3 ലക്ഷം രൂപ |
| പട്ടികജാതി | - | 4 ലക്ഷം രൂപ |
| പട്ടികവർഗം | - | ജില്ലാമിഷൻ തീരുമാനിക്കുന്ന യഥാർത്ഥ തുക. |

മത്സ്യബന്ധന മേഖലയിലുള്ളവർ - 4 ലക്ഷം രൂപ

തോട്ടം മേഖലയിൽ തൊഴിലെടുക്കുന്നവർ - 4 ലക്ഷം രൂപ

## 8. പദ്ധതിക്ക് സ്ഥലം കണ്ടെത്തുക

ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം അടിയന്തിരമായി കണ്ടെത്തണമെന്ന് ബഹു.മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. നിലവിൽ വിവിധ പദ്ധതികളുടെ ഭാഗമായി ഇത്തരത്തിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും ആയത് റവന്യൂ വകുപ്പിൽ ലഭ്യമാണ് എന്നും ബഹു.റവന്യൂ മന്ത്രി അറിയിച്ചു. തുടർന്ന് വിശദ ചർച്ചകൾക്ക് ശേഷം സ്ഥലം കണ്ടെത്തുന്നതിനായി ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

തീരുമാനം

- ലൈഫ് മിഷന്റെ ഭാഗമായി ഭൂരഹിതരായ ഭവനരഹിതർക്ക് സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിന് വേണ്ടി സ്ഥലം കണ്ടെത്തുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നു. ഫെബ്രുവരി 28 -ന് മുമ്പായി പട്ടിക സംസ്ഥാന മിഷന് കൈമാറേണ്ടതാണ്.
- സ്ഥലത്തിന്റെ അനുയോജ്യത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി ജില്ലാമിഷനെ ചുമതലപ്പെടുത്തി.
- സർക്കാർ/സർക്കാർ ഏജൻസി/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവരുടെ കൈവശമുള്ള ഭൂമി ഈ ആവശ്യത്തിനായി പരിഗണിക്കാവുന്നതാണ്.

## 9. വിവിധ ഏജൻസികളുടെ എംപാനൽമെൻറ്

പദ്ധതിയുടെ നടത്തിപ്പിനും പരിശോധനക്കും മാർഗനിർദ്ദേശത്തിനുമായി സാങ്കേതിക ഏജൻസികളുടെ സഹായം ആവശ്യമാണ് എന്ന് ബഹു.മുഖ്യമന്ത്രി യോഗത്തിൽ അഭിപ്രായപ്പെട്ടു. സംസ്ഥാനത്തുള്ള എല്ലാ എഞ്ചിനീയറിംഗ്/ പോളിടെക്നിക്കുകളെയും (സിവിൽ ഉള്ളവ) ഇത്തരത്തിൽ തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളായി (TPTA) ചുമതലപ്പെടുത്താവുന്നതാണ് എന്ന് തീരുമാനിച്ചു. കൂടാതെ സംസ്ഥാന മിഷന് സാങ്കേതിക സഹായം നൽകുന്നതിനും TPTA കളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും മുഖ്യ TPTA കളായി സി.ഇ.റ്റി തിരുവനന്തപുരത്തിനെയും എൻ.ഐ.റ്റി കോഴിക്കോടിനെയും ചുമതലപ്പെടുത്താവുന്നതാണ് എന്നും തീരുമാനിച്ചു. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടെ താഴെതട്ടിൽ പുതിയ സാങ്കേതിക വിദ്യകൾ

പ്രാവർത്തികമാക്കാൻ കഴിയുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു. അതിനാലാണ് ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയെയും യോഗത്തിലേക്ക് .ക്ഷണിച്ചതെന്നും അദ്ദേഹം പറഞ്ഞു.

സാങ്കേതിക ഏജൻസികൾക്ക് പുറമെ നിർവഹണ ഏജൻസികളും ആവശ്യമാണ് എന്ന് യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു. ലൈഫ് സമുച്ചയങ്ങൾ/ക്ലസ്റ്ററുകൾ നിർമ്മിക്കുക, പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുക എന്നിവക്ക് നിർവഹണ ഏജൻസി ആവശ്യമാണ്. തുടർന്ന് വിവിധ ഏജൻസികളെ നടപടിക്രമം പാലിച്ച് നിർവ്വഹണത്തിനായി ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

***തീരുമാനം***

a. സംസ്ഥാനത്തെ എല്ലാ പോളിടെക്നിക്കുകളുടെയും/എഞ്ചിനീയറിംഗ് കോളേജുകളുടെയും (നിലവിൽ സിവിൽ ബ്രാഞ്ച് ഉള്ളവ) ജില്ലാതല/ ബ്ലോക്ക്തല/ നഗരതല റ്റി.പി.റ്റി.എ ആയി ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. ആയതിനുള്ള നടപടി തദ്ദേശ സ്വയം ഭരണ വകുപ്പും/ഉന്നത വിദ്യാഭ്യാസ വകുപ്പും ചേർന്ന് എടുക്കേണ്ടതാണ്.
b. മുഖ്യ റ്റി.പി.റ്റി.എ ആയി സി.ഇ.റ്റി തിരുവനന്തപുരം/എൻ.ഐ.റ്റി കോഴിക്കോടിനെയും ചുമതലപ്പെടുത്താൻ തീരമാനിച്ചു.
c. ഇവരുടെ ചുമതല/ഇവർക്ക് നൽകേണ്ട ഫീസ് എന്നിവ തദ്ദേശ സ്വയംഭരണ വകുപ്പ് തീരുമാനിക്കുന്നതാണ്.

## 10. പൂർത്തീകരിക്കാത്ത ഭവനം/വാസയോഗ്യമല്ലാത്ത ഭവനം

സമ്പൂർണ്ണ പാർപ്പിട മിഷൻ എന്ന ദൗത്യം പൂർത്തീകരിക്കണമെങ്കിൽ നിലവിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളെയും വാസയോഗ്യമല്ലാത്ത ഭവനങ്ങളെയും പദ്ധതി കുടക്കീഴിൽ കൊണ്ടുവരണമെന്ന് ബഹു.മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ധാരാളം ഭവനങ്ങൾ പട്ടികജാതി മേഖലയിൽ പൂർത്തീകരിക്കാൻ ഉള്ളതായി ബഹു.പട്ടികജാതി/ വർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു. ധാരാളം മത്സ്യത്തൊഴിലാളികൾ വാസയോഗ്യമല്ലാത്ത ഭനങ്ങളിൽ താമസിക്കുന്നുവെന്നും, മത്സ്യബന്ധന വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു. ഇത്തരത്തിലുള്ളവരെ കണ്ടെത്തി, ഇവർക്ക് വാസയോഗ്യമായ ഭവനം നൽകാൻ തീരുമാനിച്ചു. ഇതിനായി സാങ്കേതിക പരിശോധന നടത്തേണ്ടതാണ്. പരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യകതയും, തുകയും നിശ്ചയിക്കേണ്ടതാണ്. നിർവ്വഹണ ഏജൻസി മുഖാന്തിരം നിർമ്മാണം നടത്തുന്നതായിരിക്കും ഉചിതമെന്ന അഭിപ്രായം ചർച്ചയിൽ ഉയർന്നു വന്നു. വിശദമായ ചർച്ചയ്ക്ക് ശേഷം താഴെപറയുന്ന തീരുമാനങ്ങൾ എടുത്തു.

***തീരുമാനം***

- പൂർത്തിയാകാത്ത ഭവനമുള്ളവർ, വാസയോഗ്യമല്ലാത്ത ഭവനമുള്ളവർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിർദ്ദിഷ്ഠ മാതൃകയിലുള്ള ഫോറത്തിൽ എല്ലാ വിവരങ്ങളും നൽകി രജിസ്ട്രർ ചെയ്യേണ്ടതാണ്.

- ഇത്തരത്തിലുള്ള രണ്ട് വിഭാഗം അപേക്ഷകളും പ്രത്യേകമായി പരിഗണിച്ച് പരിശോധന നടത്തേണ്ടതാണ്.

- ഇത്തരത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് തേർഡ്പാർട്ടി ടെക്നിക്കൽ ഏജൻസി (റ്റിപി റ്റിഎ) യെ ഏൽപ്പിക്കുന്നതും, റ്റിപിറ്റിഎ സ്ഥലം പരിശോധിച്ച് പൂർത്തീകരിക്കുന്നതിനാവശ്യമായ ചിലവ് കണക്കാക്കേണ്ടതും വാസയോഗ്യമല്ലാത്ത ഭവനങ്ങളെ സംബന്ധിച്ച സാങ്കേതിക പരിശോധന നടത്തി, പുനരുദ്ധാരണം വഴി വാസയോഗ്യമാക്കാൻ കഴിയുന്നതാണോ, എങ്കിൽ എത്ര തുക ചെലവാക്കേണ്ടി വരും, അല്ലാത്തപക്ഷം, പൊളിച്ച് നീക്കം ചെയ്ത് പുതിയ ഭവനത്തിന് അർഹരാണോ എന്നുള്ള റിപ്പോർട്ട് ജില്ലാമിഷന് സമർപ്പിക്കേണ്ടതാണ്.
- പുതിയ ഭവനത്തിന് അർഹതയുള്ള പക്ഷം, ഭവനരഹിതരുടെ പട്ടികയിൽ ഉൾക്കൊള്ളിക്കേണ്ടതും, അല്ലാത്തപക്ഷം, ഭവന പൂർത്തീകരണത്തിനായി/ ഭവനം വാസയോഗ്യമാക്കുന്നതിനായി എക്സിക്യൂഷൻ ഏജൻസിയെ ഏൽപ്പിക്കേണ്ടതുമാണ്.
- റ്റിപിറ്റിഎ യുടെ പരിശോധനവേളയിൽ ആവശ്യമായ ഫോട്ടോ എടുക്കേണ്ടതും അവയുടെ വിവരങ്ങൾ പ്രത്യേകമായി ശേഖരിക്കേണ്ടതും ആയത് വെബ്സൈറ്റിൽ പരസ്യപ്പെടുത്തേണ്ടതുമാണ്.
- അപേക്ഷകൾ, ഫെബ്രുവരി 2017 ആദ്യവാരത്തിൽ ക്ഷണിക്കാവുന്നതാണ്.

## 11. പ്രവർത്തന രീതി

എല്ലാ പഞ്ചായത്തുകളെയും ഈ പദ്ധതിയിൽ ഒരേപോലെ പരിഗണിക്കാൻ കഴിയില്ലായെന്നും, വ്യത്യസ്ത സമീപനം, ആവശ്യകത അനുസരിച്ച് ഉണ്ടാകണമെന്നും അഭിപ്രായം ഉയർന്നു. എല്ലാ സ്ഥാപനങ്ങൾക്കും മിഷൻ പ്രവർത്തനം ആദ്യഘട്ടത്തിൽ ഒരുമിച്ച് തന്നെ തുടങ്ങാൻ കഴിയുമെന്നതിനാൽ, അത്തരത്തിലുള്ള ഒരു സമീപനം ആവശ്യമില്ലയെന്ന് ബഹു. മുഖ്യമന്ത്രി അറിയിച്ചു. എന്നിരുന്നാലും, കുറച്ച് ആവശ്യമുള്ളവർക്കും, വലിയ തരത്തിലുള്ള ആവശ്യമുള്ളവരെയും വ്യത്യസ്തമായി കാണണമെന്നും ബഹു. മുഖ്യമന്ത്രി അറിയിച്ചു. തുടർന്ന് വിശദ ചർച്ചക്ക് ശേഷം താഴെപറയുന്ന തീരുമാനമെടുത്തു.

***തീരുമാനം***

- ഏറ്റവും കുറവ് ഭവന രഹിതരുള്ള 533 ഗ്രാമ പഞ്ചായത്തിനേയും 7 നഗരസഭകളെയും ആദ്യ ഘട്ടത്തിൽ (87000 ഭവനങ്ങൾ നൽകുമ്പോൾ, ഭവനരഹിതരില്ലാത്ത സ്ഥാപനങ്ങളായി മാറുന്നു) പ്രത്യേക പരിഗണന നൽകി ഭവനരഹിതർ ഇല്ലാത്ത സ്ഥാപനങ്ങൾ ആക്കുക.
- 50-ന് താഴെ ഭവനരഹിതരുള്ളവർക്ക് നിലവിലുള്ള മാതൃക തുടരാവുന്നതാണ്.
- 500-ൽ കൂടുതൽ ഭവന രഹിതരുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകുക.
- 20-ൽ താഴെ ഭൂരഹിതരുള്ള സ്ഥാപനങ്ങൾക്ക് നിലവിലുള്ള മാതൃക അനുവർത്തിക്കാവുന്നതാണ്.

- പ്ലാന്റേഷൻ മേഖലയിലുള്ളവർക്ക് പ്ലന്റേഷൻ മേഖലയിൽ തന്നെ ഭവനം നിർമ്മിച്ചു നൽകാവുന്നതാണ്.

## 12. ധനസമാഹരണം

പദ്ധതി ലക്ഷ്യത്തിലെത്തിക്കാൻ ആവശ്യമായ ധനസമാഹരണം നടത്തേണ്ടത് ഏറ്റവും പ്രധാന്യമുള്ള ഒന്നാണ് എന്ന് ബഹു. മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്ക് പ്രകാരം 4.32 ലക്ഷം പേർ ഭവനരഹിതരായി ഉണ്ട്. ഇതിൽ 1.5 ലക്ഷം പേർ ഭൂരഹിതരാണ്. ഭൂമിയുള്ളവർക്ക്, 3 ലക്ഷം രൂപയും, ഭൂരഹിതർക്ക് 6 ലക്ഷം രൂപയും നൽകിയാൽ 16,700 കോടി രൂപ ആവശ്യമാണ്. ഇതിൽ 8000 കോടി രൂപ അടുത്ത 5 വർഷത്തിൽ, ഭവന നിർമ്മാണത്തിനായി മാറ്റി വയ്ക്കാൻ കഴിയുന്നതാണ്. ബാക്കിയുള്ള 8700 കോടി രൂപ അധികമായി കണ്ടെത്തേണ്ടതാണ്.

തുടർന്ന് വിശദമായ ചർച്ചകൾക്ക് ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

***തീരുമാനം.***

ധന സമാഹരണത്തിനുള്ള വിവിധ മാർഗ്ഗങ്ങളെ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി, ധനകാര്യ വകുപ്പ് അഡീ. ചീഫ് സെക്രട്ടറിയുമായി ചർച്ച നടത്തുന്നതിന്, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

## 13. സാധന സാമഗ്രികൾ/തൊഴിലാളികൾ എന്നിവയുടെ ലഭ്യത/ ഗുണ നിലവാരം ഉറപ്പാക്കൽ

അടുത്ത 5 വർഷത്തിനുള്ളിൽ 5 ലക്ഷം ഭവനം നിർമ്മിക്കാൻ ധാരാളം സാധന സാമഗ്രികളും / നൈപുണ്യമുള്ള തൊഴിലാളികളും ആവശ്യമായിവരുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. ഇതിന് സംവിധാനം ഒരുക്കേണ്ടതാണ്. സാധന സാമഗ്രികളുടെയും തൊഴിലാളികളുടെയും ഗുണനിലവാരം, ലഭ്യത എന്നിവ ജില്ലാ തലത്തിൽ ഉറപ്പാക്കുന്നതായിരിക്കും ഉചിതമെന്ന് അഭിപ്രായപ്പെട്ടു.

കുടുംബശ്രീ വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വഴി തൊഴിൽ പരിശീലനം നൽകാൻ വ്യവസ്ഥയുണ്ടെന്നും; അതിന്റെ സാധ്യതകൾ പരമാവധി ഈ മേഖലയിൽ ഉപയോഗപ്പെടുത്തി തൊഴിലാളികളുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനും, ഈ മേഖലയിൽ ധാരാളം സ്ത്രീകളെ പരിശീലിപ്പിക്കുന്നതിനും ഉപയോഗിക്കാൻ കഴിയുമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. തുടർന്ന് വിശദമായ ചർച്ചയ്ക്കുശേഷം താഴെപറയുന്ന തീരുമാനങ്ങൾ എടുത്തു.

***തീരുമാനം.***

a. സാധന സാമഗ്രികൾ/തൊഴിലാളികൾ എന്നിവരുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുവാൻ ജില്ലാമിഷനെ ചുമതലപ്പെടുത്തി.

b. തൊഴിലാളികളുടെ നൈപുണ്യം വർദ്ധിപ്പിക്കാനും പുതിയ തൊഴിലാളികലെ ഈ മേഖലയിലേക്ക് കൊണ്ടുവരാനും നിലവിൽ കുടുംബശ്രീ വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഉപയോഗിക്കാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗിച്ച് കെട്ടിട നിർമ്മാണ പരിശീലനം നൽകിയും പരിശീലന ശേഷം ഇവരെ ഗ്രൂപ്പുകളായി രജിസ്റ്റർ ചെയ്ത് ഇവരെ നിർമ്മാണപ്രവർത്തനത്തിന് ഉപയോഗിക്കേണ്ടതുമാണ്.

## 14. ലൈഫ് പാർപ്പിട സമുച്ചയങ്ങൾ/ക്ലസ്റ്ററുകൾ

മിഷന്റെ ഏറ്റവും കാതലായ ഘടകമാണ് ലൈഫ് സമുച്ചയമെന്നും, ആയത് എല്ലാവിധ സൗകര്യങ്ങൾ ഉള്ളതായിരിക്കണമെന്നും ബഹു.മുഖ്യമന്ത്രി അറിയിച്ചു. ആദ്യഘട്ടത്തിൽ 6 എണ്ണമെങ്കിലും തുടങ്ങണമെന്നും ഇതിനായുള്ള ഡിപി.ആർ തയ്യാറാക്കണമെന്നും അഭിപ്രായപ്പെട്ടു.

നിലവിലുള്ള നിർമ്മാണ രീതികൾ മാത്രം ഉപയോഗിച്ച് സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കാൻ കഴിയില്ലായെന്നും, ആയതിന് പ്രീ-ഫാബ്/ പ്രീ-മാനുഫേച്ചേഡ് മാതൃകകൾ അനുകരിക്കണമെന്നും യോഗത്തിൽ അഭിപ്രായമുണ്ടായി. പിറവം നഗരസഭയിൽ 30 ദിവസംകൊണ്ട് 600 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ നിർമ്മിച്ച അംഗൻവാടിയും, 72 വീടുകൾ 7 മാസം കൊണ്ടും തിരുവനന്തപുരം കരിമഠത്ത് നിർമ്മിച്ച പ്രവർത്തന രീതിയും, പ്രിൻസിപ്പൽ സെക്രട്ടറി വിവരിച്ചു. ഇത്തരത്തിലുള്ള സാമഗ്രികൾ ഉപയോഗിക്കുമ്പോൾ സംസ്ഥാനത്തിനകത്തുനിന്നുള്ള സാധനങ്ങളാണെന്ന് ഉറപ്പുവരുത്തണമെന്നും, ലഭ്യമല്ലെങ്കിൽ, നിർമ്മാണ യൂണിറ്റുകൾ സംസ്ഥാനത്തു തുടങ്ങണമെന്നും ബഹു.മുഖ്യമന്ത്രി പറഞ്ഞു. ഇത്തരത്തിലുള്ള കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കുമ്പോൾ വൈദ്യതി ബന്ധം വേഗത്തിൽ ലഭ്യമാക്കാനുള്ള വ്യവസ്ഥ വേണമെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു. തുടർന്ന് വിശദമായ ചർച്ചകൾക്കുശേഷം താഴെപറയുന്ന തീരുമാനങ്ങൾ എടുത്തു.

***തീരുമാനം***

- ആദ്യഘട്ടത്തിൽ 600 പേർക്ക് താമസിക്കുന്നതിനായി 6 സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുക. ഇതിന്റെ ഡിപിആർ മാർച്ച് 31 ന് മുൻപായി സംസ്ഥാന മിഷൻ തയ്യാറാക്കി അംഗീകരിക്കേണ്ടതാണ്.
- സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലം ജില്ലാകളക്ടർമാർ ജനുവരി 31 ന് കണ്ടത്തേണ്ടതാണ്.
- നിലവിലുള്ള നിർമ്മാണ രീതിക്ക് പുറമേ, പുതിയ നിർമ്മാണ രീതികളായ പ്രീ-ഫാബ്/പ്രീ മാനുഫേച്ചറിങ് എന്നിവ പരമാവധി ഉപയോഗിക്കുന്നതിന് തീരുമാനിച്ചു. ആയതിന് കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ

ബിൽഡിംഗ് മെറ്റീരിയൽ ആന്റ് ടെക്നോളജി പ്രൊമോഷൻ കൗൺസിലിന്റെ സഹായം തേടാവുന്നതാണ്. കേരളത്തിൽ തന്നെയുള്ള നിർമ്മാണസംവിധാനങ്ങൾ ഇതിനായി വിനിയോഗിക്കേണ്ടതാണ്

- ഭവന സമുച്ചയങ്ങൾ നിർമ്മിക്കുമ്പോൾ, വൈദ്യുതി വേഗത്തിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി, ഊർജ്ജ വകുപ്പ് സ്വീകരിക്കേണ്ടതാണ്.
- ലൈഫിലെ ഗുണഭോക്താക്കൾക്ക്, ജീവനോപാധിലഭ്യമാകുന്നതിനുള്ള തൊഴിൽ പരിശീലനം കുടുംബശ്രീ ഉറപ്പാക്കേണ്ടതാണ്.
- നിശ്ചിത വാടക ഈടാക്കി, താമസം അനുവദിക്കാവുന്നതാണ്. തുക ജില്ലാമിഷൻ നിശ്ചയിക്കേണ്ടതാണ്. ഇതിനായി വിശദമായ മാർഗ്ഗരേഖ തയ്യാറാക്കുന്നതാണ്.

## 15. മിഷൻ പ്രവർത്തനം

മിഷന് മുഴുവൻ സമയ ജീവനക്കാർ ഇല്ല എന്നും, കുടുംബശ്രീ/ സി.ആർ.ഡി യിലുള്ളവരെ ഉപയോഗിച്ചാണ് പ്രാരംഭ പ്രവർത്തനം നടത്തിവരുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശ സ്വയംഭരണ വകുപ്പ്) യോഗത്തെ അറിയിച്ചു. കൂടാതെ ഒരു സി.ഇ.ഒയെ നിയമിക്കേണ്ടതുണ്ട്. പഞ്ചായത്ത്/നഗരസഭാ തലത്തിൽ, പഞ്ചായത്ത്/നഗരസഭാസമിതി ആയിരിക്കണം മിഷനായി പ്രവർത്തിക്കേണ്ടത് എന്ന് ബഹു.മുഖ്യമന്ത്രി യോഗത്തെ അറിയിച്ചു. മിഷൻ എന്നത് സംസ്ഥാന തലത്തിൽ ഒരു മിഷൻ മാത്രമായിരിക്കുമെന്നും ജില്ലാതലത്തിലും, പഞ്ചായത്ത് തലത്തിലും, നിർവ്വഹണ ഏജൻസികളായി/സബ്-ഗ്രൂപ്പുകളായുമാണ് ജില്ലാതല മിഷനും/പഞ്ചായത്ത് തല മിഷനും പ്രവർത്തിക്കേണ്ടത് എന്നും, ബഹു.മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

തുടർന്ന് വിശദമായ ചർച്ചയ്ക്കുശേഷം, താഴെപറയുന്ന തീരുമാനം എടുത്തു.

***തീരുമാനം***

1. സംസ്ഥാന മിഷന്റെ പ്രവർത്തനത്തിനായി സി.ആർ.ഡിയിലും, കുടുംബശ്രീയിലും, മറ്റ് വകുപ്പുകളിലെയും സമർത്ഥരായ, ചെറിയ ഒരു സംഘം, മുഴുവൻ സമയ ജീവനക്കാരെ നിയമിക്കാൻ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.
2. സി.ഇ.ഒയെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.
3. പഞ്ചായത്ത്/നഗരസഭാതലത്തിൽ, ബന്ധപ്പെട്ട പഞ്ചായത്ത് /നഗരസഭാതല കമ്മിറ്റികൾ ആയിരിക്കും, മിഷൻ പ്രവർത്തനം നടത്തേണ്ടതാണ്.
4. ജില്ലാ തലത്തിലുള്ള മിഷൻ ഉടനടി രൂപീകരിക്കുന്നതിനായി ആവശ്യമായ നിർദ്ദേശം പ്രിൻസിപ്പൽ സെക്രട്ടറി (തസ്വഭവ) നൽകേണ്ടതാണ്.

## മറ്റുള്ളവ

a. റോഡു പുറംപോക്കിലും പുഴയുടെയും ചാനലുകളുടെയും കരകളിൽ താമസിക്കുന്നവരെയും ഈ പദ്ധതിയുടെ കീഴിൽ കൊണ്ട് വരേണ്ടതും ആ പ്രദേശം അപ്പോൾതന്നെ Green Zone ആക്കി നിലനിർത്തേണ്ടതുമാണ്. ആയതിനുള്ള നടപടി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, റവന്യൂ വകുപ്പും സ്വീകരിക്കേണ്ടതാണ്.

b. ഹൗസിംഗ്/ഹാബിറ്റാറ്റ് സാക്ഷരത സംബന്ധിച്ച്, കൃത്യമായ പരിശീലനം എല്ലാ ഗുണഭോക്താക്കൾക്കും ജില്ലാ സമിതി നൽകേണ്ടതാണ്. ഇതിന് സിആർഡി ആവശ്യമായ സഹായം നൽകേണ്ടതാണ്.

c. വ്യത്യസ്തമായ മാതൃകകൾ/രൂപകല്പന എന്നിവയും ആയതിന് ആവശ്യമാക്കുന്ന ചിലവും, ലഘുവായ ഭാഷയിൽ തയ്യാറാക്കി ലഭ്യമാക്കേണ്ടതാണ് ***(ചുമതല സിആർഡി)***

d. പ്രാരംഭ ചിലവ് - ഗ്രാമ വികസന വകുപ്പ് നിർവഹിക്കേണ്ടതാണ്.

e. ഗുണഭോക്തൃ നിശ്ചയത്തിനായും തുടർന്നുള്ള മേൽനോട്ട പരിശോധനയ്ക്കായും ജിയോടാഗ് സംവിധാനം ഉപയോഗിക്കുന്നതാണ്.

f. പദ്ധതി പ്രകാരം അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് 600 ചതുരശ്ര അടിവിസ്തീർണ്ണത്തിന് താഴെയാകുന്ന പക്ഷം നിലവിലുള്ള മേഖലാ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

g. വെബ്/സോഫ്റ്റ് വെയർ എന്നിവ ഗ്രാമ വികസന വകുപ്പ് ആവാസ് സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റം വരുത്തി തയ്യാറാക്കേണ്ടതാണ്.

h. സിആർഡിയുടെ കൈവശമുള്ള SECC Data യുടെ വിവരങ്ങൾ സംസ്ഥാന മിഷന് കൈമാറേണ്ടതാണ്.

i. വിവിധ വിഷയങ്ങൾ പരിഗണിച്ച്, പ്രാദേശിക ഇളവുകൾ ജില്ലാ മിഷന് അനുവദിക്കാവുന്നതാണ്.

j. നിർമ്മാണ സാമഗ്രികളുടെ ഉത്പാദനത്തിനും സാങ്കേതിക വിദ്യയുടെ പ്രയോഗത്തിനുമായി സ്റ്റാർട്ട് അപ്പുകളെ പ്രോൽസാഹിപ്പിക്കുന്നതാണ്.

യോഗം 1.15 -ന് അവസാനിച്ചു.

മുഖ്യമന്ത്രി

## അനുബന്ധം-1

യോഗത്തിൽ പങ്കെടുത്തവർ

1. കെ.ടി.ജലീൽ, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി
2. ചന്ദ്രശേഖർ, റവന്യൂ & ഭവന വകുപ്പ് മന്ത്രി
3. എ.കെ.ബാലൻ, എസ്.സി/എസ്.റ്റി & നിയമ വകുപ്പ് മന്ത്രി
4. മേഴ്സിക്കുട്ടിയമ്മ, ഫിഷറീസ് വകുപ്പ് മന്ത്രി
5. എസ്.എം.വിജയാനന്ദ്, ചീഫ് സെക്രട്ടറി
6. ടോം ജോസ്സ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിൽ & നൈപുണ്യ വികസന വകുപ്പ്
7. പോൾ ആന്റണി, അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്
8. വി.എസ്. സെന്തിൽ, അഡീഷണൽ ചീഫ് സെക്രട്ടറി, പ്ളാനിംഗ് & ഇക്കണോമിക്ക് അഫേഴ്സ് ഡിപ്പാർട്ട്മെന്റ്
9. ജയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യ ബന്ധനവും തുറമുഖവും വകുപ്പ്
10. പി.എച്ച് കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
11. റ്റി.കെ ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
12. ബി.ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
13. വേണു.വി., പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി വികസന വകുപ്പ്
14. ശിവശങ്കർ, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ബഹു. മുഖ്യമന്ത്രിയുടെ ഓഫീസ്
15. എ.ഷാജഹാൻ, സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
16. എസ്.ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
17. പി. ബാലകിരൺ, ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
18. ഡോ. കെ.വാസുകി, ഡയറക്ടർ, നഗരകാര്യ വകുപ്പ്
19. ഡോ. എസ്. കാർത്തികേയൻ, ഡയറക്ടർ, ഫിഷറീസ് വകുപ്പ്
20. സി. എസ്. രഞ്ചിത്ത്, ബഹു. മുഖ്യമന്ത്രിയുടെ വികസന ഉപദേഷ്ടാവ്
21. കെ.പി. അനിൽ, പ്രൈവറ്റ് സെക്രട്ടറി റ്റു തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി
22. വി.എസ്. ജയനാരായണൻ, അഡീഷണൽ പി.എസ്. റവന്യൂ & ഭവന വകുപ്പ് മന്ത്രി
23. ജോസെഫൈൻ. ജെ. അസിസ്റ്റന്റ് ഡയറക്ടർ,എസ്.എസ്.ടി വകുപ്പ്, വികാസ്ഭവൻ
24. എം.പി. അജിത്കുമാർ, ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത്
25. വി.എസ്. സന്തോഷ്കുമാർ, അഡീഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണർ, ഗ്രാമവികസന വകുപ്പ്